**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിൽ ഭക്ഷ്യവിഷബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി ഊരുകളിൽ വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളിൽ ഗുണനിലവാരം ഇല്ലാത്ത വെളിച്ചെണ്ണ ഉൾപ്പെട്ടത് മൂലം ഭക്ഷ്യവിഷബാധ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഭക്ഷ്യവിഷബാധ ഏറ്റിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | **ഇടുക്കി ജില്ലയിലെ ആദിവാസി നഗറുകളിൽ ഭക്ഷ്യസഹായ പദ്ധതി പ്രകാരം നൽകിയ ഭക്ഷ്യക്കിറ്റുകളിൽ ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ ഉൾപ്പെട്ടത് മൂലം ചില ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. 25 ഗുണഭോക്താക്കൾക്കാണ് വെളിച്ചെണ്ണ ഉപയോഗിച്ചത് മൂലം ഛർദ്ദി, വയറിളക്കം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായതെന്ന് മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (ബി) | ഏത് പദ്ധതി പ്രകാരം നൽകിയ ഭക്ഷ്യകിറ്റിലാണ് ഈ വീഴ്ച ഉണ്ടായിട്ടുള്ളത്; കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | **ഇടുക്കി ജില്ലയിലെ ആദിവാസി നഗറുകളിൽ മഴക്കാല ഭക്ഷ്യസഹായ പദ്ധതി പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകളിലാണ് ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ ഉൾപ്പെട്ടിരുന്നത്. സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഭക്ഷ്യ സുരക്ഷാവകുപ്പിനെ വിവരം അറിയിക്കുകയും ടി വെളിച്ചെണ്ണ സാമ്പിൾ പരിശോധിച്ചതിൽ നിന്നും ടി എണ്ണയ്ക്ക്, ഭക്ഷ്യയോഗ്യമായ എണ്ണയ്ക്ക് ആവശ്യമായ സൂചികകൾ ഇല്ലാത്തതാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് നടപടി സ്വീകരിക്കുവാൻ ഇടുക്കി ജില്ലാകളക്ടർക്കും, ഭക്ഷ്യ സുരക്ഷാവകുപ്പിനും നിർദ്ദേശം നൽകിയിരുന്നു. ഗുണനിലവാരം കുറഞ്ഞ എണ്ണ വിതരണം ചെയ്ത സ്ഥാപനത്തിന്, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡ്ജുഡിക്കേറ്റിംഗ് ഓഫീസർ & സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, ഇടുക്കി ഏഴ് ലക്ഷം രൂപ പിഴ ഈടാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.**<br><br>**കൂടാതെ ഭക്ഷ്യയോഗ്യമല്ലാത്ത എണ്ണ വിതരണം ചെയ്ത കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനെതിരെ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ ഇനി ഒരു നിർദേശം ഉണ്ടാകുന്നതു വരെ സർക്കാർ** |

| | | | |
|---|---|---|---|
| | | | **സംവിധാനങ്ങൾ ആയ സിവിൽസപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവിടങ്ങളിൽ നിന്ന് ഭക്ഷ്യ സാധനങ്ങൾ വാങ്ങി പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | ഭക്ഷ്യവിഷബാധയേറ്റവർക്ക് എന്തെല്ലാം തരത്തിലുള്ള സഹായവും നഷ്ടപരിഹാരവും ഉറപ്പ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. പ്രാഥമിക ചികിത്സ തേടിയവർ ആരും തന്നെ ധനസഹായത്തിനോ, നഷ്ടപരിഹാരത്തിനോ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ